**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **23-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിൽ അനെർട്ടിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അനെർട്ടിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; വിശദമായ റിപ്പോർട്ട് നൽകാമോ; | (എ) | സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് കേരളത്തിലെ കർഷകർ, കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ജലപമ്പുകൾ സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതിയാണ് പി. എം. കുസും കംപോണൻറ് 'സി' പദ്ധതി. ഈ പദ്ധതിയിലൂടെ കർഷകർക്ക് സൗരോർജ്ജം ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതിനും, ഉപയോഗ ശേഷം മിച്ചം വരുന്ന ഊർജ്ജം KSEBL - ന് വിൽക്കുന്നതിലൂടെ ഒരു വരുമാനം നേടുവാനും കഴിയുന്നു. ഈ പദ്ധതി കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കൃഷിഭവനുകൾ മുഖേന സൗജന്യ കാർഷിക വൈദ്യുതി ലഭിക്കുന്ന കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.<br><br>അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് പൊതു സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹന ഉപയോക്താക്കൾക്കായി ആകെ 55 ഇ. വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്.<br><br>അനെർട്ട് സ്വന്തമായും സർക്കാർ സ്ഥാപനങ്ങളുമായി ചേർന്നും 28 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു. ഇതുകൂടാതെ റെസ്റ്റോറന്റുകൾ/ഹോട്ടലുകൾ മറ്റു സ്വകാര്യ വ്യക്തികൾ എന്നിവർക്ക് സംസ്ഥാന സർക്കാരിന്റെ സബ്സിഡി നൽകി കൊണ്ട് 27 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ അനെർട്ടും സ്മാർട്ട് സിറ്റി തിരുവനന്തപുരവും ചേർന്ന് തിരുവനന്തപുരം നഗരത്തിൽ 9 ഇലക്ട്രിക് കാർ ചാർജ്ജിംഗ് സ്റ്റേഷനുകളും 4 ഇലക്ട്രിക് ബസ് |

| | | | |
|---|---|---|---|
| | | | ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചുവരുന്നു. ഇതിന്റെ ജോലികൾ അവസാനഘട്ടത്തിലാണ്.<br><br>അക്ഷയ ഊർജ്ജരംഗത്തെ നൂതനാശയ ങ്ങളും ഗവേഷണപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി Supporting R&D and Innovation (SRI) എന്ന ഒരു പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു. സാങ്കേതിക പഠനങ്ങൾ/സാങ്കേതികത വിലയിരുത്തൽ, ആദ്യ മാതൃക നിർമ്മാണം മുതലായവയ്ക്ക് ഈ പദ്ധതിയിൻ കീഴിൽ സാമ്പത്തിക സഹായം നൽകുന്നു. ഇതിനായി രൂപീകരിക്കപ്പെട്ട ഒരു സാങ്കേതിക സമിതി ആണ് പദ്ധതി നിർദ്ദേശങ്ങൾ വിലയിരുത്തി സാമ്പത്തിക സഹായം സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നത്.<br><br>അനെർട്ട് മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കി വരുന്നു.<br><br>ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.<br><br>സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/ BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.<br><br>സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ സാധ്യമായ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന തിനുള്ള പദ്ധതി പൂർത്തികരിച്ചു വരുന്നു.<br><br>സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കി വരുന്നു.<br><br>പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി.<br><br>വിദൂര ആദിവാസി കോളനികളിൽ വിൻഡ് /സോളാർ ഹൈബ്രിഡ് / ഓഫ്ഗ്രിഡ് പവർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം അനെർട്ടിന്റെ കീഴിൽ നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം അനെർട്ടിന്റെ കീഴിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം**അനുബന്ധം (ബി)** അയി ചേർക്കുന്നു.<br><br>പി. എം. കുസും പദ്ധതിയുടെ ഭാഗമായി കയ്പമംഗലം മണ്ഡലത്തിൽ എടവിലങ്ങ് കൃഷിഭവന്റെ പരിധിയിൽ 55പമ്പുകൾ സൗരോർജ്ജ വത്കരിക്കാൻ 1,78,61,938/- രൂപയുടെ വർക്ക് ഓർഡർ അനെർട്ട് നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (ബി)

| കൈപ്പമംഗലം നിയോജകമണ്ഡലം | | | | | |
|---|---|---|---|---|---|
| **Sl No.** | **LSGD/Dept.** | **Name of site** | **Solar Power Plant Capacity(kW)/ No.** | **Amount Deposited** | **Work Status** |
| 1 | Mathilakam Gramapanchayat | Madavana PHC | 5 | 4,00,000/- | Commissioned |
| 2 | Mathilakam Gramapanchayat | Koolimuttam CHC- | 8 | 6,05,000/- | Commissioned |
| 3 | Eriyad Gramapanchayat | Veterinary Hospital | 3 | 2,58,500/- | Commissioned |
| 4 | Eriyad Gramapanchayat | GUPS Azhikode- | 3 | 2,36,500/- | Commissioned |
| 5 | Sreenarayanapuram Gramapanchayat | Panchayath Office Building | 10 | 9,73,500/- | Commissioned |
| 6 | Mathilakam Gramapanchayat | PHC | 5 | 10,40,600/- | Commissioned |
| 7 | Mathilakam Gramapanchayat | Veterinary Hospital | 5 | | Commissioned |
| 8 | Mathilakam Gramapanchayat | Library Building | 2 | | Commissioned |
| 9 | Sreenarayanapuram Gramapanchayat | Ayurveda Dispensary | 5 | 15,57,409/- | Commissioned |
| 10 | Sreenarayanapuram Gramapanchayat | Samskarikanilayam | 6 | | Commissioned |
| 11 | Sreenarayanapuram Gramapanchayat | FHC | 5 | | Commissioned |
| 12 | Mathilakam Gramapanchayat | FHC Madavana | 5 | 8,47,000/- | Commissioned |
| 13 | Eriyad Gramapanchayat | BUDS School | 3 | 2,20,000/- | Commissioned |
| 14 | Eriyad Gramapanchayat | Dr. B R Ambedkar SC Community hall | 4 | 2,67,300/- | Commissioned |
| 15 | Eriyad Gramapanchayat | Govt Ayurveda Dispensary, Azhikode | 8 | 4,89,500/- | Commissioned |
| 16 | Edavilangu Gramapanchayat | FHC Edavilangu | 7 | 6,69,900/- | Commissioned |
| 17 | Perinjanam | Sumedha hall | 3 | 4,00,000/- | commissioned |
| 18 | Perinjanam Gramapanchayat | Veterinary Dispensary | 2 | | commissioned |
| 19 | Edavilangu Gramapanchayat | Homeo Dispensary | 10 | 6,87,500/- | Installation completed |
| 20 | Kaipamangalam Grama Panchayath | Bus stand | 20 | 12,65,000/- | Commissioned |
| 21 | Eriyad Gramapanchayat | krishibhavan | 2 | 1,95,800/- | commissioned |
| 22 | Eriyad Gramapanchayat | Homeo Dispensary | 5 | 4,03,700/- | commissioned |

[illegible]